# പത്രക്കുറിപ്പ്

## നടുവിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങളുടേയും പദ്ധതികളുടേയും ഉദ്ഘാടനം ജോൺ ബ്രിട്ടാസ് എംപി നിർവഹിച്ചു

### അംഗപരിമിതർക്കുള്ള മുച്ചക്ര വാഹനങ്ങളും വീൽചെയറും ചടങ്ങിൽ വിതരണം ചെയ്തു

സൻസദ് ആദർശ് ഗ്രാമ യോജന (സാഗി) സ്കീം പ്രകാരം ജോൺ ബ്രിട്ടാസ് എംപി ദത്തെടുത്ത നടുവിൽ ഗ്രാമ പഞ്ചായത്തിലെ സാഗി സ്കീം പ്രകാരം നടപ്പാക്കാൻ തീരുമാനിച്ച 34 പദ്ധതികൾ ഉൾക്കൊള്ളുന്ന കരട് വില്ലേജ് ഡെവലപ്മെൻറ് പ്ലാനിന്റെ പ്രഖ്യാപനവും കൂടാതെ എംപി യുടെ പ്രാദേശിക വികസന പദ്ധതി ഫണ്ട് ഉപയോഗിച്ചു നടുവിൽ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ ഉദ്ഘാടനവും 11.04.2022 തിങ്കളാഴ്ച വൈകിട്ട് 4.30-ന് നടുവിൽ ബസ് സ്റ്റാൻഡ് അങ്കണത്തിൽ പ്രത്യേകം തയാറാക്കിയ വേദിയിൽ വെച്ച് ജോൺ ബ്രിട്ടാസ് എംപി നിർവഹിച്ചു. ചടങ്ങിൽ എംപി യുടെ പ്രാദേശിക വികസന പദ്ധതി ഫണ്ട് വിനിയോഗിച്ചു വാങ്ങിയ അംഗപരിമിതർക്കുള്ള മുച്ചക്ര വാഹനങ്ങളുടെയും സെറിബ്രൽ പാൾസി രോഗബാധിതനായ വിദ്യാർത്ഥിക്കുള്ള പ്രത്യേക ഇലക്ട്രോണിക് വീൽ ചെയറിന്റെയും വിതരണവും നടത്തി. എംപി യുടെ പ്രാദേശിക വികസന പദ്ധതി ഫണ്ട് വിനിയോഗിച്ചു നിർമിക്കുന്ന വിവിധ റോഡുകൾ, നടുവിൽ ബസ് സ്റ്റാൻഡിലെ പുതിയ ബസ് ഷെൽട്ടർ, വിദ്യാലയങ്ങളിലെ ഫർണിച്ചർ വിതരണം, ശൗചാലയ നിർമ്മാണം, പുലിക്കുരുമ്പ മിനി സ്റ്റേഡിയത്തിലെ ഗ്യാലറിയുടെയും സ്റ്റേജിന്റെയും നിർമാണം തുടങ്ങി വിവിധ പദ്ധതികളുടെ നിർമാണോദ്ഘാടനവും വിദ്യാലയങ്ങളിലെ ലൈബ്രറികളിലേക്കുള്ള പുസ്തക

വിതരണവും  ചടങ്ങിൽ വെച്ച് എംപി നിർവഹിച്ചു.  കൂടാതെ പൈതൽമല-പാലക്കയംതട്ട്-കാഞ്ഞിരക്കൊല്ലി ടൂറിസം സർക്യൂട്ട് വികസനത്തിന് പുതിയ ദിശാബോധം നൽകുന്നതിന്റെ ഭാഗമായി  ഫോറസ്റ്റ് ഡിപ്പാർട്മെന്റ് മുഖേന എംപി ഫണ്ടുപയോഗിച്ചു നിർമിക്കുന്ന പുതിയ പൈതൽമല ടൈൽഡ് ട്രെക്കിങ്ങ് പാത്ത് വേ യുടെ ഔദ്യോഗിക പ്രഖ്യാപനവും എംപി നിർവഹിച്ചു. കാനറ ബാങ്ക് പുലിക്കുരുമ്പയിൽ പുതുതായി എടിഎം മെഷീൻ സ്ഥാപിക്കുവാൻ തീരുമാനിച്ചതിന്റെ പ്രഖ്യാപനവും ചടങ്ങിൽ വെച്ച് നടന്നു.

ചടങ്ങിൽ നടുവിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബേബി ഓടംപള്ളിൽ അദ്ധ്യക്ഷത  വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സീനത്ത്  സി എച്ച്,  തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ വഹീദ എം പി, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അജിത് കെ രാമൻ, കാനറ ബാങ്ക് അസിസ്റ്റന്റ് ജനറൽ മാനേജർ ആർ സുന്ദരമൂർത്തി, ജില്ലാ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ രാജേഷ് ടി, സാമൂഹ്യ ക്ഷേമ വകുപ്പ്  ജില്ലാ ഓഫീസർ അഞ്ജു കെ, തളിപ്പറമ്പ് ബിഡിഒ പ്രസീത കെ, നടുവിൽ ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ ജോസ് സെബാസ്റ്റ്യൻ ആലിലക്കുഴിയിൽ, ലിസി ജോസഫ്, സെബാസ്റ്റ്യൻ വിലങ്ങോലിൽ, സാജു ജോസഫ്, ധന്യമോൾ പി, സി ഡി എസ് ചെയർപേഴ്സൺ സ്വപ്ന അലക്സ്, വിവിധ രാഷ്ട്രീയ കക്ഷികളെ പ്രതിനിധീകരിച്ച് രാജേഷ് എം, ഷാജി പാണംകുഴി, കെ മുഹമ്മദ് കുഞ്ഞി, ടി കെ വത്സൻ തുടങ്ങിയവർ  ചടങ്ങിൽ പങ്കെടുത്ത്  സംസാരിച്ചു.